**H.NAGESH PRABHU, IFS**
**PRINCIPAL CHIEF CONSERVATOR OF FORESTS & HEAD OF FOREST FORCE**

Office of the
Principal Chief Conservator of Forests,
Forest Headquarters, Vazhuthacaud
Thiruvananthapuram-695 014
Kerala, India.
☎: 0471 – 2339593
Fax 0471 2338808
e-mail pccf.for@kerala.gov.in

**സർക്കുലർ നമ്പർ 15/2017 തീയതി 20..11..2017**

വിഷയം: അച്ചടക്കനടപടിയുടെ അന്തിമതീർപ്പ് – 1960–ലെ കേരള സിവിൽ സർവ്വീസസ് (തരം തിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങൾക്ക് വിരുദ്ധമായി അപ്പീലുകൾ സ്വീകരിക്കുന്നത് – സംബന്ധിച്ച്.

സൂചന: സർക്കാർ കത്ത് നമ്പർ 3589/സ്പെഷ്യൽ/സി.1/2016/ജി.ഡി.എ).തീയതി 15.09.2017.

വനം വകുപ്പിലെ ഓഫീസുകളിൽ നിന്നും അച്ചടക്കനടപടിയുടെ അന്തിമ ഉത്തരവിനെതിരെ കാലാവധിക്കുശേഷം സമർപ്പിക്കുന്ന അപ്പീലുകൾ സ്വീകരിച്ച് അപ്പീലുകൾ അനുവദിച്ച് ഉത്തരവാകുന്നതായും, ഇത്തരം കാര്യങ്ങൾ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ & ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സിന്റെ അഭിപ്രായം ആരായാതെ തീർപ്പാക്കുന്നതായും ശ്രദ്ധയിൽപ്പെടുകയുണ്ടായി. ആകയാൽ അപ്പീലുകൾ സ്വീകരിക്കുമ്പോൾ താഴെ വിവരിക്കുന്ന ചട്ടങ്ങൾ കൃത്യമായും അപ്പീലധികാരി പാലിക്കേണ്ടതാണ്.

കേരള സിവിൽ സർവ്വീസസ് (തരം തിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടം 25 പ്രകാരം ഏതൊരു അപ്പീലും അപ്പീൽ കൊടുക്കുന്ന ഉത്തരവിന്റെ ഒരു പകർപ്പ് അപ്പീൽ വാദി സ്വീകരിച്ച തീയതി മുതൽ രണ്ടുമാസക്കാലാവധിക്കുള്ളിൽ സമർപ്പിക്കാത്ത പക്ഷം ഫയലിൽ സ്വീകരിക്കാൻ പാടില്ലാത്തതാകുന്നു. എന്നാൽ അപ്പീലധികാരിക്ക്, അപ്പീൽ യഥാസമയം ബോധിപ്പിക്കാതിരുന്നതിന് മതിയായ കാരണമുണ്ടെന്ന് ബോദ്ധ്യമുള്ള പക്ഷം, മേൽ പറഞ്ഞ അപ്പീൽ സ്വീകരിക്കാവുന്നതാണ്.

അപ്പീൽ അപേക്ഷകളിൽ തീരുമാനം കൈക്കൊള്ളുമ്പോൾ കേരള സിവിൽ സർവ്വീസസ് (തരം തിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങൾ പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിച്ചിട്ടുണ്ടെന്ന് ഉറപ്പു വരുത്തേണ്ടതാണ്. ഈ സർക്കുലറിന് കൈപ്പറ്റ് രസീതും നൽകേണ്ടതാണ്.

പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ &
ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സ്

**പകർപ്പ്:**

1. എല്ലാ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർമാർക്കും / എല്ലാ അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർമാർക്കും / എല്ലാ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർമാർക്കും /സ്റ്റോക്ക് ഫയൽ.

E:\2017 office files\B4 Section\B4-52222-17 d.o. letter dt. 31.10.2017.docx/j